(എഫ്) പോലീസ് ഡ്രൈവർമാർക്ക് വാട്ടർ അലവൻസ്, ഇലക്ട്രിസിറ്റി അലവൻസ്, ഹെവി ഡ്യൂട്ടി അലവൻസ് എന്നിവ നൽകിവരുന്നുണ്ടോ; ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ)

1.	ലൈറ്റ് മോട്ടോർ വെഹിക്കിൾ	2513 എണ്ണം
2.	മീഡിയം വാഹനങ്ങൾ	393 എണ്ണം
3.	ഹെവി വാഹനങ്ങൾ	195 എണ്ണം
4.	മോട്ടോർ സൈക്കിളുകളും സ്കൂട്ടറുകളും	2075 എണ്ണം
5.	ബോട്ട്	78 എണ്ണം

(ബി) 2455 തസ്തികകൾ നിലവിലുണ്ട്. 2207 പേർ ജോലി ചെയ്യുന്നുണ്ട്.

(സി) 24 മണിക്കൂർ.

(ഡി) 2006-ലെ ശമ്പളപരിഷ്ക്കരണ ഉത്തരവ് പ്രകാരം എൻട്രി പോസ്റ്റിൽ പ്രവേശിച്ച തീയതിയെ അടിസ്ഥാനപ്പെടുത്തി മാത്രമാണ് ടൈം ബൗണ്ട് ഹയർ ഗ്രേഡുകൾ നൽകുന്നത്.

(ഇ) നിശ്ചിത വർഷം പൂർത്തിയാക്കിയ പോലീസുകാർക്ക് പ്രമോഷൻ നൽകുവാൻ വ്യവസ്ഥയില്ല. പകരം ഗ്രേഡാണ് മേൽപ്പറഞ്ഞവിധം നൽകുന്നത്.

(എഫ്) പോലീസ് ഡ്രൈവർമാർക്ക് വാട്ടർ അലവൻസ്, ഇലക്ട്രിസിറ്റി അലവൻസ്, ഹെവി ഡ്യൂട്ടി അലവൻസ് എന്നിവ നൽകാൻ നിലവിൽ ഉത്തരവുകളില്ല.

മിനിസ്റ്റീരിയൽ തസ്തിക സൃഷ്ടിക്കാൻ നടപടി

55 (5966) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് സേനയുടെ എണ്ണത്തിന് ആനുപാതികമായി മിനിസ്റ്റീരിയൽ തസ്തിക സൃഷ്ടിക്കാത്തതുമൂലം പോലീസ് ഉദ്യോഗസ്ഥർ തന്നെ വകുപ്പിലെ മിനിസ്റ്റീരിയൽ ജോലി ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അതുമൂലം പോലീസ് സേനയുടെ ആധുനികവൽക്കരണത്തിനുള്ള ഫണ്ട് വിനിയോഗിക്കാൻ കഴിയാതെ വന്നിട്ടുണ്ടോ ;

(സി) എങ്കിൽ ഈ പ്രശ്നത്തിന് പരിഹാരം കാണുന്നതിനായി പോലീസ് സേനയുടെ എണ്ണത്തിന് ആനുപാതികമായി മിനിസ്റ്റീരിയൽ തസ്തിക സൃഷ്ടിക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ജോലിഭാരം കണക്കിലെടുത്ത് മിനിസ്റ്റീരിയൻ ജീവനക്കാരെ സഹായിക്കുന്നതിനായി ചിലയിടങ്ങളിൽ പോലീസുകാരെ നിയോഗിക്കാറുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പരിശോധിക്കാവുന്നതാണ്.

പോലീസ് സേനയിലെ മിനിസ്റ്റീരിയൽ ജീവനക്കാരുടെ ശമ്പളം ഏകീകരിക്കാൻ നടപടി

56 (5967) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് സേനയിലെ മിനിസ്റ്റീരിയൽ ജീവനക്കാർക്ക് രണ്ടു തരത്തിലുള്ള ശമ്പളം നിലവിലുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത ശമ്പളം ഏകീകരിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പോലീസ് സേനയിലെ ഇന്റലിജൻസ് (SBCID)വിഭാഗത്തിൽ സീനിയർ സൂപ്രണ്ടിന് താഴെയുള്ള സ്കെയിലുകൾ മറ്റ് വിഭാഗങ്ങളിലുള്ളതിനെക്കാൾ ഉയർന്ന സ്കെയിലാണ് നൽകുന്നത്. ഇന്റലിജൻസ് ഒഴിച്ചുള്ള മിനിസ്റ്റീരിയൽ വിഭാഗത്തിന് കോമൺ കാറ്റഗറിയിലുള്ള ശമ്പള സ്കെയിലാണ് നിലവിലുള്ളത്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് സംബന്ധിച്ച രേഖകൾ പോലീസുകാർക്ക് കൃത്യമായി നൽകാൻ നടപടി

57 (5968) ശ്രീ. എ. എ. ഷുക്കൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റേറ്റ് ലൈഫ് ഇൻഷുറൻസ് (എസ്.എൽ.ഐ.) സംബന്ധിച്ച രേഖകൾ എല്ലാ പോലീസുകാർക്കും കൃത്യമായി പതിച്ച് നൽകുന്നില്ലെന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പരാതികൾ പരിഹരിക്കുന്നതിന് നിർദ്ദേശം നൽകുമോ ;

(സി) ജനറൽ ഇൻഷ്വറൻസ് സ്കീം സംബന്ധിച്ച രേഖകളും പോലീസുകാർക്ക് കൃത്യമായി നൽകുവാൻ നടപടി കൈക്കൊള്ളുമോ ?

LIBRARY ARCHIVES Kerala Legislative Assembly